# പ്രധാനവാർത്ത

1.സ്വതന്ത്രവ്യാപാര കരാറുമായി ബന്ധപ്പെട്ട ചർച്ചകൾ ഇന്ത്യയും ന്യൂസിലാന്റും വിജയകരമായി പൂർത്തിയാക്കി. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം ഇരട്ടിയാക്കുന്നതിന് കരാർ പ്രയോജനപ്പെടുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2.സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി കരട് വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കും. പരാതികൾ ജനുവരി 22 വരെ സമർപ്പിക്കാം.

RNU TVPM

3. ക്രിസ്മസ് - പുതുവത്സരാഘോഷങ്ങളിലേക്ക് നാടും നഗരവും. വസന്തോത്സവത്തിന് മറ്റെന്നാൾ തിരുവനന്തപുരത്ത് തുടക്കമാകും.

4. ഉത്സവകാലത്ത് ഫലപ്രദമായ വിപണി ഇടപെടൽ സാധ്യമാക്കുമെന്ന് മന്ത്രി ജി.ആർ അനിൽ. സപ്ലൈകോയുടെ ക്രിസ്മസ് - പുതുവത്സര ഫെയറിന് സംസ്ഥാനത്ത് തുടക്കം.

5. ശബരിമലയിലേക്കുള്ള തങ്കഅങ്കി ഘോഷയാത്ര ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്ന് നാളെ പുറപ്പെടും. വിപുലമായ സൗകര്യങ്ങൾ ഒരുക്കി ദേവസ്വം ബോർഡ്.

6. റബ്ബർ പാലിൽ നിന്ന് പരിസ്ഥിതി സൗഹൃദ പെയിന്റ് നിർമ്മാണ സാങ്കേതികവിദ്യയുമായി കോട്ടയം പുതുപ്പള്ളി ഇന്ത്യൻ റബ്ബർ ഗവേഷണ കേന്ദ്രം.

RNU TVPM

## ഇന്ത്യ-ന്യൂസ്‌ലാന്റ്

സ്വതന്ത്രവ്യാപാര കരാറുമായി ബന്ധപ്പെട്ട ചർച്ചകൾ ഇന്ത്യയും ന്യൂസിലാന്റും വിജയകരമായി പൂർത്തിയാക്കി. പ്രധാനമന്ത്രി നരേന്ദ്രമോദിയും ന്യൂസിലാന്റ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണും ഇന്ന് നടത്തിയ ടെലഫോൺ സംഭാഷണത്തിന് ശേഷമായിരുന്നു പ്രഖ്യാപനം. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം അടുത്ത അഞ്ചു വർഷം ഇരട്ടിയാക്കുന്നതിന് കരാർ പ്രയോജനപ്പെടുമെന്ന്

പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

RNU TVPM

## കരട് വോട്ടർപട്ടിക

സംസ്ഥാനത്ത് നിയമസഭ തിരഞ്ഞെടുപ്പിന് മുന്നോടിയായി തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായിയുള്ള കരട് വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കും. പട്ടികയിന്മേലുള്ള പരാതികൾ ജനുവരി 22 വരെ voters.eci.gov.in എന്ന പോർട്ടലിൽ സമർപ്പിക്കാം. സഹായത്തിനായ് 1950 എന്ന നമ്പറും തെരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റും ഉപയോഗപ്പെടുത്താവുന്നതാണ്. അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 21-ന് പ്രസിദ്ധീകരിക്കും. വോട്ടർപട്ടികയുടെ കൃത്യത ഉറപ്പാക്കാൻ എല്ലാ സമ്മതിദായകരും ഈ അവസരം

RNU TVPM

ഉപയോഗപ്പെടുത്തണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു കേൽക്കർ അറിയിച്ചു.

## വി □ ി സതീശൻ

പി വി അൻവർ, സി കെ ജാനു എന്നിവരെ യു ഡി എഫിന്റെ അസ്സോസിയേറ്റ് അംഗങ്ങളാക്കാൻ ഏകോപന സമിതി യോഗം തീരുമാനിച്ചതായി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ.

RNI TVPM

യു ഡി എഫി ലേക്ക് ചേരാൻ ഇവർ സന്നദ്ധത അറിയിക്കുകയായിരുന്നുവെന്ന് അദ്ദേഹം എറണാകുളത്ത്

വാർത്താസമ്മേളനത്തിൽ

അറിയിച്ചു. നിയമസഭാ

തെരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥികളെ ജനുവരിയോടെ പ്രഖ്യാപിക്കുമെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## ബിജെപി സംസ്ഥാന നേതൃയോഗം

ബിജെപി സംസ്ഥാന നേതൃയോഗം കണ്ണൂരിൽ ചേർന്നു. സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറിന്റെ അധ്യക്ഷതയിലായിരുന്നു യോഗം. തദ്ദേശ തെരഞ്ഞെടുപ്പ് അവലോകനവും നിയമസഭ തെരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങളും, തിരുവനന്തപുരം കോർപ്പറേഷൻ മേയർ സ്ഥാനവും ചർച്ച ചെയ്തതായി റിപ്പോർട്ട്.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## സപ്ലൈകോ - ജി ആർ അനിൽ

ഉത്സവകാലത്ത് ഫലപ്രദമായ വിപണി ഇടപെടൽ സാധ്യമാക്കുമെന്ന് മന്ത്രി ജി.ആർ അനിൽ. സപ്ലൈകോയുടെ ക്രിസ്മസ് - പുതുവത്സര ഫെയറിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശൂർ എന്നിവിടങ്ങളിലാണ് ഫെയറുകൾ നടത്തുന്നത്. ഇതോടൊപ്പം എല്ലാ താലൂക്കുകളിലും സപ്ലൈകോയുടെ ഒരു പ്രധാന വില്പനശാലയിൽ പ്രത്യേക ഫെയറുണ്ടാകും. ഫെയറുകൾ ഈ മാസം 31ന് സമാപിക്കും.

RNU TVPM

## വസന്തോത്സവം(ഇൻട്രോ)

ക്രിസ്മസ് - പുതുവത്സരാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന വസന്തോത്സവത്തിന് മറ്റെന്നാൾ തിരുവനന്തപുരം കനകക്കുന്നിൽ തുടക്കമാകും.

*വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...........*

*(വോയിസ്)*

RNU TVPM

## റേഷൻ-ക്രിസ്മസ്

പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വെള്ള, നീല റേഷൻ കാർഡുടമകൾക്ക് ജനുവരി മുതൽ സ്പെഷ്യൽ അരി ലഭിക്കുമെന്ന് മന്ത്രി

ജി ആർ അനിൽ. രണ്ട് കിലോ വീതം ആട്ട 17 രൂപ നിരക്കിൽ വിതരണം ചെയ്യും. 6,459 മെട്രിക് ടൺ ഗോതമ്പ് കേന്ദ്രം അനുവദിച്ചതിനെ തുടർന്നാണ് ഇത്. അർഹരായ കുടുംബങ്ങൾക്ക് മുൻഗണനാ കാർഡുകൾ ലഭ്യമാക്കുന്നതിനായി അപേക്ഷ സമർപ്പിക്കാനുള്ള കാലാവധി ഈ മാസം 31 വരെ നീട്ടിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

RNU TVPM

**ഇടുക്കി-കേക്ക് (ഇൻട്രോ)**

ക്രിസ്മസ് വിപണിയിലെ ലാഭം കാരുണ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ച് തൊടുപുഴ കാർമൽ ഫുഡ് ഇൻഡസ്ട്രീസ് മാതൃകയാകുന്നു. കേക്ക് മേളയിൽ നിന്നുള്ള വരുമാനം ശാരീരിക-മാനസിക

വെല്ലുവിളികൾ നേരിടുന്നവരുടെ ക്ഷേമത്തിനായാണ് ഉപയോഗിക്കുന്നത്.

*ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.....*

*(വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

**പരിശോധന ശക്തമാക്കി**

ക്രിസ്തുമസ്-പുതുവത്സരാഘോഷങ്ങളോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലയിൽ ലഹരിക്കടത്തും ഉപയോഗവും തടയുന്നതിനായി പരിശോധന ശക്തമാക്കും. എക്സൈസ് സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവിന്റെ ഭാഗമായി കളക്ടറേറ്റിൽ ചേർന്ന ജില്ലാതല ജനകീയ സമിതി അവലോകന യോഗത്തിലാണ്

PNU TVPM

തീരുമാനം. ജനുവരി അഞ്ചു വരെയാണ് സ്പെഷ്യൽ ഡ്രൈവ്.

❁❁❁❁❁❁❁❁❁❁❁❁❁

## വി എൻ വാസവൻ -കോട്ടയം

റബ്ബർ പാലിൽ നിന്ന് പരിസ്ഥിതി സൗഹൃദ പെയിന്റ് നിർമ്മാണ സാങ്കേതികവിദ്യയുമായി കോട്ടയം പുതുപ്പള്ളി ഇന്ത്യൻ റബ്ബർ ഗവേഷണ കേന്ദ്രം. ഔദ്യോഗിക ഉദ്ഘാടനം മന്ത്രി വി എൻ വാസവൻ നാളെ കോട്ടയത്ത് നിർവഹിക്കും. പുതുപ്പള്ളി ഇന്ത്യൻ റബ്ബർ ഗവേഷണ കേന്ദ്രത്തിൽ നടക്കുന്ന ചടങ്ങിൽ പെയിന്റ് നിർമാണത്തിന്റെ സാങ്കേതിക വിദ്യയും മന്ത്രി കൈമാറും.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## ക്ലൂ മൊബൈൽ ആപ്പ്

പൊതുജനങ്ങൾക്ക് യാത്രക്കിടെ ശുചിമുറികൾ കണ്ടെത്താൻ
സഹായകമാകുന്ന 'ക്ലൂ' മൊബൈൽ ആപ്ലിക്കേഷൻ സംസ്ഥാനത്ത് നാളെ പുറത്തിറക്കും. ക്ലൂ സംവിധാനത്തിന്റെ ഉദ്ഘാടനം മന്ത്രി എം.ബി. രാജേഷ് തിരുവനന്തപുരത്ത് നിർവ്വഹിക്കും. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 'മാലിന്യമുക്തം നവകേരളം' പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷനാണ് ക്ലൂ ആപ്പ് സജ്ജമാക്കിയത്.

RNUTVPM

❋❋❋❋❋❋❋❋❋❋❋❋❋

## ഹൃദയം മാറ്റിവെക്കൽ-(ഇൻട്രോ)

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മസ്തിഷ്ക മരണം സംഭവിച്ച 45 കാരന്റെ

ഹൃദയം എയർ ആംബുലൻസിൽ കൊച്ചിയിൽ എത്തിച്ചു. എറണാകുളം ജനറൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന നേപ്പാൾ സ്വദേശിനിയ്ക്കാണ് ഹൃദയ വാൽവ് ദാനം ചെയ്യുന്നത്.

*കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി........*

*(വോയിസ്)*

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**തൃശൂർ അപകടം**

തൃശൂരിൽ ബീച്ചിൽ ജിപ്സി വാഹനം മറിഞ്ഞ് വിദ്യാർത്ഥി മരിച്ചു. സംഭവത്തിൽ ജിപ്സി ഓടിച്ച കയ്പമംഗലം കൂരിക്കുഴി സ്വദേശി ഷജീർ അറസ്റ്റിലായി. റൂറൽ

എസ്.പിയുടെ നേതൃത്വത്തിലുള്ള സംഘമാണ് ഇയാളെ അറസ്റ്റ് ചെയ്തത്.

❁❁❁❁❁❁❁❁❁❁❁❁❁

**ശബരിമല**

മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച്, ശബരിമലയിലേക്കുള്ള തങ്ക അങ്കി ഘോഷയാത്ര ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്ന് നാളെ പുറപ്പെടും. തീർത്ഥാടകർക്ക് ദേവസ്വം ബോർഡ് വിപുലമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഈ മാസം 26-ന് വൈകിട്ട് തങ്കയങ്കിചാർത്തി ദീപാരാധന നടക്കും. 27-നാണ് മണ്ഡല പൂജ.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## സ്ത്രീ സുരക്ഷാ പദ്ധതി

സ്ത്രീകളുടെ ക്ഷേമം ഉറപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച സ്ത്രീ സുരക്ഷാ പദ്ധതിയിലേക്ക് ഇന്ന് മുതൽ അപേക്ഷകൾ സ്വീകരിച്ച് തുടങ്ങി.

നിലവിൽ മറ്റ് സാമൂഹികക്ഷേമ പദ്ധതികളുടെയോ പെൻഷനുകളുടെയോ ഗുണഭോക്താക്കൾ അല്ലാത്ത അർഹരായ സ്ത്രീകൾക്ക് പ്രതിമാസം 1000 രൂപ ധനസഹായം ലഭ്യമാക്കുന്നതാണ് പദ്ധതി. ksmart.lsgkerala.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാം. 35 നും 60 വയസ്സിനും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്കും ട്രാൻസ് വുമൺ

RNUTVPM

വിഭാഗത്തിൽപ്പെട്ടവർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**പാലക്കാട് -മർദ്ദനകേസ്**

പാലക്കാട് വാളയാറിൽ ആൾക്കൂട്ട മർദ്ദനത്തെത്തുടർന്ന് കൊല്ലപ്പെട്ട ഇതര സംസ്ഥാന തൊഴിലാളിയുടെ കുടുംബത്തിന് നീതി ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രതികൾക്കതിരെ കർശന നടപടിയെടുക്കുമെന്നും അദ്ദേഹം അറിയിച്ചു. അതെസമയം, മന്ത്രി കെ.രാജനുമായി നടത്തിയ ചർച്ചയെ തുടർന്ന് മൃതദേഹം ഏറ്റെടുക്കാൻ കുടുംബാംഗങ്ങൾ സമ്മതിച്ചു. ആൾക്കൂട്ട മർദനകേസിൽ 5 പേർ റിമാഡിലാണ്.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## പിഐബി- ഫാക്ട് ചെക്ക്

ഇന്ത്യാ പോസ്റ്റിന്റെ പേരിൽ ഓൺലൈനിൽ പ്രചരിക്കുന്ന ഭാഗ്യക്കുറി തട്ടിപ്പിനെതിരെ ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര സർക്കാർ. ഇന്ത്യാ പോസ്റ്റിന്റെ പേരിലുള്ള ഇത്തരം സമ്മാന വാഗ്ദാനങ്ങൾ വസ്തുതാ വിരുദ്ധമാണെന്ന് പിഐബി ഫാക്റ്റ് ചെക്ക് അറിയിച്ചു.

RNI TVPM

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്.

പരിപാടിയുടെ 129-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 26 വരെ അറിയിക്കാം.

RNU TVPM